Mr. Paramel Ipe Ipe *(Kunnamkulam):* May I know whether the Tata Mills were getting cocoanut oil at a Subsidised rate from Colombo?

Mr. P. Govinda Menon *(Minister for Food and Education):* Not at a subsidised rate. They were getting it at controlled rates.

Mr. Paramel Ipe Ipe *(Kunnamkulam):* When there was no control, for cocoanut oil were they getting it at lower price?

Mr. P. Govinda Menon *(Minister for Food and Education):* Not from this Government.

Mr. Paramel Ipe Ipe *(Kunnamkulam):* From outside Cochin.

Mr. P. Govinda Menon *(Minister for Food and Education):* Government have no information.

PANANCHERY VILLAGE—ATTACK OF MALARIA

279. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ൧൯൪൨-ൽ പാണഞ്ചേരി വില്ലേജിൽ എത്രപേർക്കു മലമ്പനി പിടിച്ചു;

(ബി) എത്രപേർ ആ വില്ലേജിൽ മനമ്പനിമൂലം ൧൯൪൨-ൽ മരിച്ചു?

രാവു ബഹദൂർ ടി. കെ. നായർ:

(എ) ൪൭൫.

(ബി) ൧൩.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ൪൭൫ പേർക്കു് മലമ്പനി പിടിച്ചു എന്നു പറഞ്ഞിട്ടുണ്ടു്. ഇതു് ഏതു തിയ്യതിവരെയാണു്?

രാവുബഹദൂർ ടി. കെ. നായർ: ചിങ്ങമാസം മുതൽ ഇടവമാസംവരെ.

മിസ്റ്റർ കെ. ടി. അച്യുതൻ: മലമ്പനി നിവാരണ പരിശ്രമത്തിനു് ഒരു ആപ്പീസർ അവിടെയില്ലേ?

രാവുബഹദൂർ ടി. കെ. നായർ: ഉണ്ടു്. അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഫലമായിട്ടാണു മരണത്തിന്റെ തോതു കുറഞ്ഞിരിക്കുന്നതു്. നല്ല നല്ല മരുന്നുകളും ഇവിടെ ഉപയോഗിച്ചു മലമ്പനിയുടെ കാഠിന്യത്തെ കുറയ്ക്കാൻ ശ്രമിക്കുന്നുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മലേറിയൽ പിൽസു് അവിടെ ഉപയോഗിച്ചു നോക്കാൻ എന്താണു് വിരോധം?

രാവുബഹദൂർ ടി. കെ. നായർ: ഇപ്പോൾ അവിടെ കൊയിനയുംമറ്റും, ഉപയോഗിക്കുന്നുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: നല്ലമരുന്നു കൊടുക്കുകയാണെങ്കിൽ മരണത്തോതു കുറയുകയില്ലേ?

രാവുബഹദൂർ ടി. കെ. നായർ: മരണത്തോതും ഇപ്പോൾതന്നെ കുറഞ്ഞിട്ടുണ്ടല്ലോ. ൪൭൫ പേർക്കു് സുഖക്കേടു പിടിച്ചിട്ടു് ൧൩ പേർ മാത്രമേ മരിച്ചതായി കണക്കാക്കിയിട്ടുള്ളൂ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മലേറിയൽ B എന്ന പിൽസു് ഒന്നു ഉപയോഗിച്ചു നോക്കുന്നതിനെന്താണു വിരോധം?

രാവുബഹദൂർ ടി. കെ. നായർ: ഈ മരുന്നു നല്ലതായിരിയ്ക്കാം. പക്ഷെ ഒരു മെഡിക്കൽ മന്ത്രിയ്ക്കു് ഏതെല്ലാം മരുന്നാണു് ഉപയോഗിയ്ക്കേണ്ടതു് എന്നു നിർദ്ദേശിയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതൊക്കെ തീർച്ചയാക്കാൻ അവിടെ ആളെവച്ചിട്ടുണ്ടു്.

PRICE OF TEA AND COFFEE—DETAILS REGARDING

280. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state.—

(a) what is the percentage of increase in the price of tea and coffee per lb. after the cessation of the recent war;

(b) what is the total quantity of coffee and tea produced in Cochin State annually?

Mr. C. R. Iyyunni *(Minister for Revenue):*

(a) The percentage of increase in price of tea is 15 to 20 per cent. The price of coffee remains the same.

LIBRARY ARCHIVES Kerala Legislative Assembly

(*b*) Annual production of tea 6·75 lakhs of pounds. Annual production of coffee Arabica 70 tons. Robusta 100 tons.

Mr. Paremel Ipe Ipe *(Kunnmkulam):* Is Cochin producing sufficient tea for our home consumption?

Mr. C. R. Iyyunni *(Minister for Revenue):* No.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കാപ്പി തോട്ടങ്ങളിൽ നിന്നും ഗവണ്മെണ്ടിലേക്ക കാഫി ടെസ്സ് ഇവിടെ കിട്ടുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ട്.

FORESHORE ROAD AT ERNAKULAM

281. മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട ദയവായി മറുപടി പറയുമൊ.—

(എ) എറണാകുളം ഫോർഷോർ റോഡിന്റെ ആവശ്യത്തിന്നായി സ്ഥലം അകപയർ ചെയ്തതുമൂലം എത്ര കുടുംബക്കാർ ഒഴിവാക്കപ്പെട്ടു;

(ബി) അതിൽ എത്ര കുടുംബക്കാക്ക ഗവണ്മെണ്ട പാപ്പിടങ്ങൾ കെട്ടുവാൻ സ്ഥലം നൽകിയിട്ടുണ്ട്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) ര ന്നു കുടുംബക്കാർ.

(ബി) കുടിയിറക്കപ്പെട്ട കുടുംബക്കാരിൽ ആവശ്യമുള്ളവക്കെല്ലാം പാപ്പിടം കെട്ടുവാനുള്ള സ്ഥലം നൽകുവാൻ ഏർപ്പാടുചെയ്തുവരുന്നുണ്ട്.

LAND ACQUISITION FOR THE "VALA" COLONY

282. മിസ്റ്റർ പി. കെ. ഡിവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമൊ.—

(എ) രാമേശ്വരം വില്ലേജിൽ ഏഴിൽചില്വാനം ഏക്കർ ഭൂമി, ഒരു പൊതു ആവശ്യത്തിന്ന്, അതായതു ഒരു വാലാ കോളനിക്കുവേണ്ടി അകപയർ ചെയ്യാൻ തീരുമാനിച്ചു ഗവണ്മെണ്ടിൽനിന്നും അപ്രകാരം അകപയർചെയ്യാൻ പോകുന്നതായി ഗസറ്റിൽ പരസ്യം ചെയ്തുകയുണ്ടായിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അതു;

(സി) പള്ളരുത്തിയിലെ വാലന്മാക്കുവേണ്ടി മേൽപ്രകാരം ഒരു കോളനിക്കുവേണ്ടി സ്ഥലം എടുക്കുവാൻ ഗവണ്മെണ്ടുത്തരവായതു എന്നാണ്; ആ ഉത്തരവിന്റെ പകർപ്പ് സദയം മേശപ്പുറത്തു വെക്കുമോ;

(ഡി) ടി ഉത്തരവിനു കാരണമായ അപേക്ഷ വാലന്മാർ എന്നാണു ഗവണ്മെണ്ടിലേക്ക സമർപ്പിച്ചതെന്നു സദയം പറയുമോ;

(ഇ) രാമേശ്വരം വില്ലേജിൽ വാലാകോളനിക്കായി സ്ഥലം വിലകൊടുത്തു എടുത്തു കഴിഞ്ഞോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതുവരെ എടുക്കാതിരുന്നിട്ടുള്ളതു;

(എഫ്) ടി സ്ഥലം കോളനിക്കുവേണ്ടി അകപയർ ചെയ്യാൻ ഉത്തരവാകുന്നതിനുമുമ്പു തന്നെ ടി സ്ഥലം അകപയർ ചെയ്യുന്നതിനെ സംബന്ധിച്ചു് ആക്ഷേപങ്ങൾ ഉണ്ടായിരുന്നില്ലേ;

(ജി) ആ ആക്ഷേപങ്ങളെ സംബന്ധിച്ചു ദിവാൻപേഷ്കാർ അന്നു് എന്തു ശുപാർശയാണ് ഗവണ്മെണ്ടിലേക്ക സമർപ്പിച്ചതു;

(എച്ച്) ടി വാലന്മാക്കുതന്നെ വേണ്ടി പള്ളരുത്തി വില്ലേജിൽ വേറെ ഒരു സ്ഥലം കോളനിയുടെ ആവശ്യത്തിന്നായി അകപയർ ചെയ്യാൻ തീരുമാനിച്ചിരിക്കുന്നതായി ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടൊ; ഉണ്ടെങ്കിൽ എന്നാണ് അതു;

(ഐ) ടി സ്ഥലം അകപയർ ചെയ്യുന്നതിനെപ്പറ്റി വല്ല ആക്ഷേപവും ഗവണ്മെണ്ടിലേക്ക കുടികിടപ്പുകാരിൽനിന്നും കിട്ടിയിട്ടുണ്ടൊ; ഉണ്ടെങ്കിൽ എത്ര ആക്ഷേപ ഹർജികളും, ആരിൽനിന്നെല്ലാം കിട്ടി;

(ജെ) ടി ആക്ഷേപങ്ങളെപ്പറ്റി എന്തു തീരുമാനമാണ് ചെയ്തതു;

(കെ) ഈ പുതുതായി നോട്ടിഫൈ ചെയ്ത സ്ഥലം എത്രയുണ്ട്; എത്ര വീട്ടുകാക്കുവേണ്ടിയാണ് കോളനിക്ക സ്ഥലം അകപയർ ചെയ്യാൻ ഉത്തരവായിട്ടുള്ളതു;

LIBRARY ARCHIVES Kerala Legislative Assembly